# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2634 20/06/2013 - ൽ മറുപടിയ്ക്ക്

### സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്കാണ് 2013-14 വർഷം മുതൽ യൂണിഫോം വിതരണം ചെയ്യുന്നത്. ഗവണ്മെന്റ് സ്കൂളുകൾക്ക് എസ്.എസ് .എ. യുടെ ഫണ്ട് ഉപയോഗിച്ചും, എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് സംസ്ഥാന സർക്കാർ ഫണ്ടുപയോ ഗിച്ചും യൂണിഫോം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള യൂണിഫോം വിതരണം ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പൊതുവിദ്യാഭ്യാസവകുപ്പും, എസ്.എസ്.എ. യും |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | ഇതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അർഹതയുള്ള കുട്ടികളുടെ എണ്ണം ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ